(സി) ഇക്കാര്യത്തിൽ കൂടുതൽ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഏതെങ്കിലും ഉന്നതാധികാരസമിതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) സംസ്ഥാനത്തെ ഇടത്തരം ദേശീയപാതകളുടെ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത് ?

ഉത്തരം

(എ-ഡി) കേന്ദ്രസർക്കാരിന്റെ നയം അനുസരിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്.

പതിബെൽ കമ്പനിക്കു നൽകിയ നഷ്ടപരിഹാരം

193 (1921) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി.ക്കുകീഴിൽ നിർമ്മാണ ചുമതലയുണ്ടായിരുന്ന പതിബെൽ കമ്പനിക്ക് ഭീമമായ നഷ്ടപരിഹാരം നൽകേണ്ടിവന്നതു സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തിയിരുന്നുവോ ;

(ബി) ഈ കമ്പനിക്ക് നൽകാനുണ്ടായിരുന്ന 18 കോടി രൂപ യഥാസമയം നൽകാതിരുന്നതിനാൽ 120 കോടി രൂപ നഷ്ടപരിഹാരം നൽകേണ്ടിവന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്താനും ഇതിന് ഉത്തരവാദികളാരെന്ന് കണ്ടെത്താനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചത് ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ ശിക്ഷണ നടപടികളാണ് സ്വീകരിച്ചത് ?

ഉത്തരം

(എ-സി) പതിബെൽ കമ്പനിക്ക് ഇതുവരെ നഷ്ടപരിഹാരം നല്കിയിട്ടില്ല.

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി

194 (1922) ശ്രീ. കെ. ബാബു :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഏതൊക്കെ റോഡുകളുടെ പണികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ ആകെ എത്ര കിലോമീറ്റർ റോഡിന്റെ പണി നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) കേന്ദ്രാനുമതി ലഭിച്ച ഈ പദ്ധതി എന്നുമുതൽ നടപ്പാക്കാനാകും എന്നാണ് കരുതുന്നത് ;

(ഡി) ഈ സർക്കാരിന്റെ കാലാവധിക്കു മുൻപായി ഈ പദ്ധതിയിൽ ഏതൊക്കെ റോഡുകളുടെ പണികൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാന സർക്കാർ വിഹിതമായി ഈ കാലയളവിൽ എന്തു തുക നീക്കിവെച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ താഴെപ്പറയുന്ന എട്ട് റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് :

1. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് ;
2. പിലാത്തറ-പാപ്പിനിശ്ശേരി ,,
3. തളിപ്പറമ്പ്-ഇരട്ടി റോഡ് ;
4. തലശ്ശേരി-വളവുപാറ റോഡ് ;
5. എം.സി. റോഡിലെ ചെങ്ങന്നൂർ-ഏറ്റുമാനൂർ റീച്ച് ;
6. എം. സി. റോഡിലെ ഏറ്റുമാനൂർ-മൂവാറ്റുപുഴ റീച്ച് ;
7. പുനലൂർ-തൊടുപുഴ റോഡ് ;
8. പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ് ;

(ബി) ആകെ 367 കിമീ റോഡാണ് കെ. എസ്. ടി. പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി&ഡി) കേന്ദ്രസർക്കാരിന്റെ ശുപാർശയോടെ ധനസഹായത്തിനായി ലോക ബാങ്കിന് പദ്ധതി രേഖ സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്ക് ധനസഹായം ലഭിച്ചാൽ ഉടൻതന്നെ പദ്ധതി നടപ്പാക്കാൻ കഴിയും.

(ഇ) 2011-2012 സംസ്ഥാന ബഡ്ജറ്റിൽ കെ.എസ്.ടി.പി.-ക്ക് 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് കെട്ടിട നിർമ്മാണ വ്യവസ്ഥകളിൽ ഇളവുനൽകാൻ നടപടി

195 (1923) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുവികസനത്തിനായി സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് ശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly